# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4027 24.08.2017 -ലെ മറുപടി

## ജലവിതരണത്തിൽ നിയന്ത്രണം

**ചോദ്യം**

**ശ്രീ. പാറക്കൽ അബ്ദുല്ല**

**മറുപടി**

**മാത്യു ടി. തോമസ്**

**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | കഴിഞ്ഞ പത്ത് കാലവർഷ ക്കാലയളവിലെ കണക്കുകൾ പരിശോധിക്കുമ്പോൾ നെയ്യാർ, പേപ്പാറ ഡാമുകളിലെ ജലനിരപ്പ് നിലവിൽ അറുപത് ശതമാനത്തിലധികം കുറവാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുക യുണ്ടായോ; | എ) | പരിശോധിച്ചിട്ടുണ്ട്. കഴിഞ്ഞ പത്തു വർഷക്കാലയളവിലെ കണക്കുകൾ പരിശോധി ക്കുകയാണെങ്കിൽ പേപ്പാറ ഡാമിലെ ജലനിരപ്പ് 60%-ൽ അധികം കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ അനുവദി ക്കപ്പെട്ടിട്ടുള്ള സംഭരണശേഷിയുടെ ഏകദേശം 40% മാത്രമാണിത്. നെയ്യാർ ഡാമിലെ ജലനിരപ്പും കഴിഞ്ഞ പത്തു വർഷത്തെ അപേക്ഷിച്ച് 60 ശതമാനത്തിലധികം കുറവാണ്. |
| ബി) | ഭൂഗർഭ ജലനിരപ്പ് കഴിഞ്ഞ വർഷത്തേക്കാൾ താഴ്ന്ന നിലയിലാണോയെന്ന് വെളിപ്പെടുത്തുമോ; | ബി) | 2017 ജൂലൈ മാസത്തെ ഭൂജല വകുപ്പിന്റെ നിരീക്ഷണ കിണറുകളിലെ ജലവിതാനം 2016 ജൂലൈ മാസത്തെ ജലവിതാനവുമായി താരതമ്യം ചെയ്യുമ്പോൾ തുറന്ന കിണറുകളിൽ 69% -ലും കുഴൽകിണറുകളിൽ 66%-ലും ജലവി താനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട് |
| സി) | കുഴൽ കിണറുകൾ റീചാർജ് ആവുന്ന തരത്തിലുള്ള മഴ ലഭിച്ചതായി കരുതുന്നുണ്ടോ; | സി) | സംസ്ഥാനത്ത് ഇതുവരെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ 29% കുറവ് രേഖപ്പെടുത്തി യിട്ടുണ്ട് മഴയുടെ ലഭ്യതയുടെ അടിസ്ഥാന ത്തിൽ തുറന്ന കിണറുകളിൽ വളരെ വേഗ ത്തിൽ റീചാർജ്ജ് ചെയ്യപ്പെടുന്നുണ്ട് എന്നാൽ കുഴൽ കിണറുകൾ റീചാർജ്ജ് ചെയ്യപ്പെടുന്നത് സാവധാനത്തിലാണ്. |
| ഡി) | ഇല്ലെങ്കിൽ തലസ്ഥാന നഗരിയി ലടക്കം ജലവിതരണത്തിൽ നിയന്ത്രണമേർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | ഡി) | നിലവിൽ ജലവിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ കാലവർഷത്തിൽ ഉണ്ടായ കുറവ് പരിഗണിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Reeng

**സെക്ഷൻ ഓഫീസർ**